"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഒറീസയിൽ വെച്ച് 2018 ഒക്ടോബറിൽ നടത്തിയ AIHDA ശില്പശാലയിൽ പങ്കെടുക്കുന്നതിനായി പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ, സെക്രട്ടറി, എഞ്ചിനീയർ എന്നിവർ നടത്തിയ വിമാന യാത്ര സാധൂകരിച്ച് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1048/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2020**

---

പരാമർശം:- 1 08/10/2018 ലെ പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ കത്ത്.

**ഉത്തരവ്**

ഒറീസയിൽ വെച്ച് ആൾ ഇൻഡ്യ ഹൗസിംഗ് ഡവലപ്മെന്റ് അസോസിയേഷന്റെ (AIHDA) 10/10/2018 മുതൽ 13/10/2018 വരെയുള്ള ദിവസങ്ങളിൽ നടത്തിയ ശില്പശാലയിൽ പങ്കെടുക്കുന്നതിന് പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ, സെക്രട്ടറി, എഞ്ചിനീയർ എന്നിവർ വിമാന മാർഗ്ഗം യാത്ര ചെയ്യുകയുണ്ടായെന്നും ആയതിന് സർക്കാർ സാധൂകരണം നൽകി അനുമതി നൽകണമെന്നും പരാമർശം കത്ത് പ്രകാരം നഗരസഭ ചെയർമാൻ ആവശ്യപ്പെടുക യുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരസഭ ചെയർമാൻ, നഗരസഭ സെക്രട്ടറി, നഗരസഭ എഞ്ചിനീയർ എന്നിവർ ശിൽപ ശാലയിൽ പങ്കെടുത്തതായും വിമാനമാർഗ്ഗമാണ് യാത്ര ചെയ്തത് എന്നും വ്യക്തമായ സാഹചര്യത്തിൽ ഒറീസയിൽ വെച്ച് 10/10/2018 മുതൽ 13/10/2018 വരെയുള്ള ദിവസങ്ങളിൽ നടത്തിയ ശില്പശാലയിൽ പങ്കെടുക്കുന്നതിന് പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ, സെക്രട്ടറി, എഞ്ചിനീയർ എന്നിവർ വിമാന മാർഗ്ഗം യാത്ര ചെയ്ത നടപടി സാധൂകരിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ ജി**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

നഗരസഭാ ചെയർമാൻ /സെക്രട്ടറി, പെരിന്തൽ മണ്ണ, മലപ്പുറം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ